# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി പി8/527/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷർ(ജനറൽ) കോഴിക്കോട്
കാര്യാലയ പ്രതി

നമ്പർ: കെ എസ് എ കെ കെ ഡി പി8/527/2022 തീയ്യതി: 25/03/2022

## കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്യാരി ലാൽ ടി സി | ജോയിന്റ് ഡയറക്ടർ | 09-03-2022 | 17-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-03-2022 | 17-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി എ.കെ.ഷൈന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അഫ്സൽ ടി.എം, ഓഡിറ്റർ
ശ്രീമതി.ജിഷ പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രമ്യ പി എം | ചെയർപേഴ്സൺ | 01-04-2019 | 20-05-2019 |
| വിജി മുപ്രമ്മൽ | ചെയർപേഴ്സൺ | 21-05-2019 | 27-12-2019 |
| സുനിത പി | ചെയർപേഴ്സൺ | 28-12-2019 | 31-03-2020 |
| ജയപ്രകാശൻ വി കെ | സെക്രട്ടറി | 01-04-2019 | 02-05-2019 |
| ഹംസ കെ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2019 | 28-06-2019 |
| ബിജിൻ പി ജോക്കബ് | സെക്രട്ടറി | 29-06-2019 | 06-11-2019 |
| ഹംസ കെ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-11-2019 | 03-01-2020 |
| പ്രീയ പി | സെക്രട്ടറി | 04-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സന്തോഷ് കുമാർ എ | അസി എക്സി എൻജിനീയർ | 01-04-2019 | 07-08-2019 |
| സിന്ധു എൻ | അസി എക്സി എൻജിനീയർ | 08-08-2019 | 31-03-2020 |
| സോന എം | അസി എൻജിനീയർ | 01-04-2019 | 12-05-2019 |
| റസീന എം പി | അസി എൻജിനീയർ | 13-05-2019 | 23-07-2019 |
| റുബി നസീർ | അസി എൻജിനീയർ | 24-07-2019 | 31-03-2020 |
| മീന ടി | കൃഷി അസി ഡയറക്ടർ | 01-04-2019 | 31-03-2020 |
| മുകേഷ് ടി എം | എസ് സി ഡി ഓ | 01-04-2019 | 31-03-2020 |
| സുജല ആർ എ | സി ഡി പി ഓ | 01-04-2019 | 30-07-2019 |
| അനിത കെ | സി ഡി പി ഓ | 01-08-2019 | 31-03-2020 |
| ഗീത ടി | സി ഡി പി ഓ | 01-04-2019 | 17-07-2019 |
| സുബൈദ | സി ഡി പി ഓ | 18-07-2019 | 31-03-2020 |
| സുനിൽകുമാർ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| മുഹമ്മദ് നയീം | ഐ ഇ ഓ | 01-04-2019 | 31-03-2020 |
| ഡോ മന്മലാൽ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 24-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 24-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Afsal T.M (Auditor, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-6 |
| 7 | സൂപ്പർ എം.ആർ.എഫ് നിർമ്മാണം സ്ഥലലഭ്യത ഉറപ്പുവരുത്താതെ പദ്ധതി തയ്യാറാക്കിയതിനാൽ പദ്ധതി നടപ്പിലായില്ല<br>Written By: Shyna A.K (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-7 |
| 8 | ഇന്ദിരാ ഹരിജൻ കോളനി റോഡ് റീടാറിങ്ങ് പരതപ്പൊയിൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-8 |
| 9 | എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-9 |
| 10 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല<br>Written By: Shyna A.K (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-10 |
| 11 | വെള്ളായിക്കോട് കാർഷിക വിപണന കേന്ദ്രം -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-11 |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഇല്ലാത്ത ഗവ.മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കി<br>Written By: Shyna A.K (Asst. Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-12 |
| 13 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ്-തുക നൽകിയതിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-13 |
| 14 | ഷോപ്പിങ്ങ് കോംപ്ലക്സ്- വസ്തു നികുതി ഇനത്തിൽ അധിക ചെലവ്<br>Written By: Jisha.P (Auditor, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-14 |

| | | |
|---|---|---|
| 15 | പദ്ധതികൾ ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 21-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-15 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ്-തുക നൽകിയതിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 3-1 |
| 2 | ഷോപ്പിങ്ങ് കോംപ്ലക്സ്- വസ്തു നികുതി ഇനത്തിൽ അധിക ചെലവ്<br>Written By: Jisha.P (Auditor, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് കുന്ദമംഗലം ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 15-02-2019 തീയതിയിലെ 150/2019 നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 27-03-2020 ലെ ഭരണസമിതിയുടെ തീരുമാന നമ്പർ 1/345/20 പ്രകാരവും അംഗീകരിച്ചു.

അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,30,34199 |
| വരവ് | 414106313 |
| ചെലവ് | 412899813 |
| നീക്കിയിരിപ്പ് | 14240699 |

### 1-2 വാർഷിക കണക്കിലെ അപാകതകൾ

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ യഥാസമയം നടത്തുന്നില്ല. സ്റ്റേറ്റ്മെന്റ് തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. ഇ-ടെണ്ടർ മുഖേന തൻവർഷം ലഭിച്ച ടെണ്ടർ ഫോമുകളുടെ വില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.
3. B 18 പ്രകാരം Other Advance ഇനത്തിൽ 2518570/- രൂപ അവശേഷിക്കുന്നു. ആയത് ഏത് ഇനത്തിൽ പെട്ടതാണെന്ന് പരിശോധിക്കാൻ രേഖകളുടെ അഭാവത്തിൽ സാധിച്ചില്ല. Advance Register സൂക്ഷിച്ചിട്ടില്ല.
4. ACR പ്രകാരം തൻ വർഷത്തെ Development Fund General വരവ് 42994822/- രൂപയാണ്, എന്നാൽ R P 7 പ്രകാരം ഇത് 40264268/- രൂപയാണ്. 2730554/- രൂപയുടെ വ്യത്യാസം കാണുന്നു.
5. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10459244 |
| വരവ് | 69081073 |
| ആകെ | 79540317 |

| | |
|---|---|
| ചെലവ് | 71489533 |
| നീക്കിയിരിപ്പ് | 8050784 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | വരവ്(ACR പ്രകാരം) | ചെലവ്(ACR പ്രകാരം) | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 64530000 | 42994822 | 21535178 | 66.7 |
| വികസന ഫണ്ട് (എസ് സി പി) | 24950000 | 12757199 | 12192801 | 51.1 |
| വികസന ഫണ്ട് (ടി എസ് പി) | 876000 | 702556 | 173444 | 80.2 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 8398000 | 984228 | 7413772 | 11.7 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.(ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 124 | 133862970 | 62 | 62 | 57438805 | 42.9 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 124 പ്രൊജക്റ്റുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 62 പ്രൊജക്റ്റുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. വിവിധ പ്രൊജക്റ്റുകൾക്കായി 133862970 രൂപ വകയിരുത്തിയതിൽ 57438805 രൂപ മാത്രമേ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്റ്റുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്ന തിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ്(ACR പ്രകാരം) | ചെലവ്(ACR പ്രകാരം) | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 64530000 | 42994822 | 21535178 | 66.7 |
| വികസന ഫണ്ട് (എസ്.സി.പി) | 24950000 | 12757199 | 12192801 | 51.1 |
| വികസന ഫണ്ട് (ടി.എസ്.പി) | 876000 | 702556 | 173444 | 80.2 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 8398000 | 984228 | 7413772 | 11.7 |
| ആകെ | 98754000 | 57438805 | 41315195 | 58.16 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 98754000 രൂപയിൽ 57438805 രൂപ മാത്രമേ പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 41315195 രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-03-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

1-7 സൂപ്പർ എം.ആർ.എഫ് നിർമ്മാണം സ്ഥലലഭ്യത ഉറപ്പുവരുത്താതെ പദ്ധതി തയ്യാറാക്കിയതിനാൽ പദ്ധതി നടപ്പിലായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ - 123/2019-20.

വകയിരുത്തിയ തുക - 2400000 (നിർമ്മൽ പുരസ്കാരം)

കരാറുകാരൻ - ശ്രീ .മുജീബ് റഹ്മാൻ

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനാ ണ് 2400000 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയത് . 31.1.20 ന് നടത്തിയ ടെണ്ടറിൽ AEE/3/19-20/10.2.20 നമ്പർ കരാർ പ്രകാരം പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചു. പ്രവൃത്തി തുടങ്ങുന്ന ഘട്ടത്തിലാണ് നിർദ്ദിഷ്ട സ്ഥലത്ത് മാലിന്യ സംസ്കരണകേന്ദ്രം നിർമ്മിക്കാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തുന്നത്. സ്ഥലം പരിമിതമാണ്, വാഹന ഗതാഗത സൗകര്യം ഇല്ല, സമീപത്തെ മരങ്ങളുടെയും വേരുകളുടെയും സാന്നിധ്യം, യന്ത്രങ്ങൾ പ്രവർത്തിച്ചാലുണ്ടാകുന്ന ശബ്ദമലിനീകരണം എന്നിങ്ങനെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖപ്പെടുത്തിയ അഭിപ്രായം പരിഗണിച്ച് പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും 19.8.20ലെ ഭരണ സമിതിയുടെ 376/20 നമ്പർ തീരുമാന പ്രകാരം കരാറുകാരനെ വിടുതൽ ചെയ്യുകയും ചെയ്തു. ഇതിൽ നിന്നും യാതൊരു സ്ഥല പരിശോധനയും നടത്താതെയാണ് പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ് (എസ്റ്റിമേറ്റ് നമ്പർ 125230/2019, ടി.എസ് നമ്പർ- 94119/19-20) വളരെ അത്യാവശ്യമായി നടപ്പിലാക്കേണ്ട പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല എന്ന മാത്രമല്ല സാങ്കേതിക അനുമതി ലഭ്യമാക്കൽ, ടെണ്ടർ നടപടികൾ, കരാർ നടപടികൾ തുടങ്ങി ആളും അർത്ഥവും അനാവശ്യമായി വിനിയോഗിക്കേണ്ടി വന്നത് വീഴ്ചയാണ്. 19.8.20ലെ ഭരണ സമിതിയുടെ 376/20 നമ്പർ തീരുമാന പ്രകാരം കോടഞ്ചേരി പഞ്ചായത്തിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയി ലുള്ള വ്യവസായ എസ്റ്റേറ്റിൽ എം.ആർ.എഫ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ വ്യക്തമാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/2019-20 15.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എം.ആർ.എഫ് സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

1-8 ഇന്ദിരാ ഹരിജൻ കോളനി റോഡ് റീടാറിങ്ങ് പരതപ്പൊയിൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ - 132/2019-20. (സ്പിൽ ഓവർ )

ചെലവ് തുക - 494179 (വികസന ഫണ്ട് – എസ്.സി.പി)

ബിൽ നമ്പർ - 186051/31.1.20

കരാറുകാരൻ - കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി

ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ഇന്ദിരാ ഹരിജൻ കോളനി റോഡ് റീ ടാറിങ്ങ്

നടത്തുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തി ഏറ്റെടുത്ത കോഴിക്കോട് ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന കരാർ സ്ഥാപനത്തിന് ഒരു രജിസ്റ്റേഡ് സൊസൈറ്റി എന്ന നിലയിൽ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്, എന്നാൽ ഈ കരാർ സൊസൈറ്റിയ്ക്ക് പ്രവൃത്തിയുടെ ബിൽ തുക അനുവദിക്കുമ്പോൾ ആദായ നികുതിയിനത്തിൽ 2% ടി.ഡി.എസ് ഈടാക്കേണ്ടതുണ്ട്. ഇവിടെ 494179 രൂപയുടെ ബിൽ തുക അനുവദിച്ചപ്പോൾ (എം.ബുക്ക്- 302/17-18) 4412 രൂപയാണ് ടി.ഡി.എസ് പിടിച്ചിട്ടുള്ളത് . 9884 രൂപയായിരുന്നു ആദായനികുതി ഈടാക്കേണ്ടിയിരുന്നത്. 5472 രൂപ ഈടാക്കുന്നതിൽ കുറവു വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പ്രവൃത്തി ഇനം 1-3.7 Removal Of Unsuitable Soil ....എം ബുക്ക് പേജ് 23 പ്രകാരം 28 എം3 പ്രവൃത്തി ചെയ്തതിന് എം3 ന് 100 രൂപ കണക്കാക്കി 2800 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിന് കരാർ സ്ഥാപനം ക്വോട്ട് ചെയ്തത് എം3 ന് 30 രൂപയാണ്. (എസ്റ്റിമേറ്റ് പ്രകാരം എം3 ന് 30.94). ഇവിടെ കരാറുകാരന് 840 രൂപ അനുവദിക്കുന്നതിന് പകരം 2800 രൂപ അനുവദിച്ചു. 1960 രൂപ കരാറുകാരന് അധികം അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്.

3)ജി.ഒ (പി)11/2018/ഫിൻ /29.1.18ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് 4-ാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നിവയ്ക്കായിരിക്കണം ബ്ലോക്കുപഞ്ചായത്തുകൾ പദ്ധതികൾ നടപ്പിലാക്കേണ്ടത്. ഈ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട റോഡ് റീ ടാറിങ്ങ് പ്രവൃത്തിയ്ക്കാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജി.ഒ (സാധാ) 2313/2018/ തസ്വഭവ/23.8.18 നമ്പർ ഉത്തരവിൽ പദ്ധതിയ്ക്ക് മതിയായ വിഹിതം ഗ്രാമ പഞ്ചായത്തിന് ലഭ്യമല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോട് കൂടി മാത്രം ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ആസ്തിയിൽ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ഇവിടെ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം ലഭ്യമല്ല എന്ന റിപ്പോർട്ടോ ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതമോ, ആസ്തിയിൽ ഉൾപ്പെട്ടതാണെന്ന രേഖയോ ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/2019-20 15.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരന് അധികം അനുവദിച്ച തുകയും ആദായനികുതിയും ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-9 എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഈ പദ്ധതികളിലെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രോജക്ട് തയ്യാറാക്കുകയും, നിർവ്വഹണ സമയം എസ്റ്റിമേറ്റിൽ സമൂലമായ മാറ്റങ്ങൾ വരുത്തി ചില എക്സ്ട്രായിനങ്ങൾ ഉൾപ്പെടുത്തി . പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. ഇതിൽ നിന്ന് യഥാർത്ഥ ആവശ്യങ്ങൾ പരിഗണിച്ചല്ല പദ്ധതികൾ തയ്യാറാക്കുന്നതെന്നും യഥാർത്ഥ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലല്ല എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നും വ്യക്തമാണ്. 21.6.18 ലെ ഇ20/6699/2018.സി.ഇ/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്നും മുൻകൂർ അനുമതിയില്ലാതെ എസ്റ്റിമേറ്റിൽ വ്യതിയാനം വരുത്തി പ്രവൃത്തി നിർവ്വഹണം നടത്താൻ പാടില്ല എന്നും നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ ചില പ്രവൃത്തികളിലെല്ലാം പ്രവൃത്തി

പൂർത്തിയാക്കിയതിനു ശേഷം ആണ് ഭരണസമിതി തീരുമാനമെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത്.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) കളരിക്കണ്ടി കുടിവെള്ള പദ്ധതി എന്ന പദ്ധതിയിൽ (22/19-20) എം -ബുക്ക് – 209, 281/17-18,45 /19-20 എന്നിവ പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെട്ട പ്രവൃത്തി 12.5.2020 പൂർത്തിയാക്കി മെഷർമെന്റ് ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. നടന്ന പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് ആയതിന് ശേഷം 19.8.20 (375(ii)20 )തീയതിയിലെ ഭരണസമിതി തീരുമാന പ്രകാരമാണ്.

2)കാരശ്ശേരി പഞ്ചായത്തിലെ നരിമട കോളനി കലുങ്ക് നിർമ്മാണം എന്ന പദ്ധതിയിൽ (102/19-20) പ്രവൃത്തി നടക്കുമ്പോൾ കൂടുതൽ എർത്ത് വർക്കും ഫൗണ്ടേഷനും വേണ്ടി വന്നതിനാൽ എസ്റ്റിമേറ്റിൽ മാറ്റം വന്നു. എം ബുക്ക് 231/17-18 പ്രകാരം 22.3.2019 ന് പ്രവൃത്തി പൂർത്തിയാകുകയും പൂർത്തിയായ പ്രവൃത്തിയ്ക്കനുസരിച്ച് 18.9.2019 (291(i)2019) തീയതിയിലെ ഭരണസമിതി തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു.

ആവശ്യകതയ്ക്കനുസരിച്ച് മാത്രം പദ്ധതികൾ രൂപീകരിക്കേണ്ടതും, ആവശ്യകതയ്ക്കനുസരിച്ച് കൃത്യതയോടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണ ഘട്ടത്തിൽ മാറ്റങ്ങൾ ഉൾപ്പെടുത്തുന്ന രീതി തുടരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പല പ്രവൃത്തികളും പരിശോധിച്ചാൽ വിഭാവനം ചെയ്യുന്ന മുഴുവൻ പ്രവൃത്തികളും മുഴുവൻ അളവിൽ നടപ്പാക്കുന്നില്ലായെന്ന് കാണാം. പ്രവൃത്തികൾ വിഭാവനം ചെയ്ത അളവിൽ ചെയ്യാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തുന്നതു വഴി പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വരുന്നു. അതുമൂലം ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പല പ്രവൃത്തികളും ഒഴിവാക്കേണ്ടിയും വരുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കു റിപ്പിന് (നം. 3/2019-20 15.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

## 1-10 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ എടുക്കുന്നില്ല

2019-20 വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളും കരാറുകാർ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തതിന്ന് കരാറുകാർക്കെതിരെ യാതൊരു നടപടിയും എടുത്തിട്ടില്ല. പല പ്രവൃത്തികളിലും കരാറുകാർ പ്രവൃത്തി തുടങ്ങുന്നത് തന്നെ കരാർ കാലാവധി കഴിഞ്ഞതിന് ശേഷമാണ്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഇല്ലെങ്കിലും പ്രവൃത്തി തുടങ്ങുന്നതിന് കാലതാമസം വരുത്തുന്നുണ്ട്. കരാർ പ്രകാരം പ്രവൃത്തി നടത്താതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിയ്ക്കുകയും ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി റീ ടെണ്ടർ ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമായിരുന്നു. എന്നാൽ പിഴ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകുകയാണ് ചെയ്തത്. കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശങ്ങളായി ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | ഓഡിറ്റ് നർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീ കരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തി യാക്കിയ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 17/19-20<br>പെരുമണ്ണ പകൽ വീട് (സ്പിൽ ഓവർ)<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1167897<br>( വികസന ഫണ്ട് ബിൽ നം.529212/19.7.19, 362156/ 19.7.19,86022/31.1.20, 665222/31.3.20) ആകെ ചെലവ് 1645909 | ശ്രീ. അനിൽ കുമാർ .കെ.എം<br>AEE/1/18 -19 / 13.9.18<br>എം. ബുക്ക് -207,328/17-18, 75,85/19-20 | 6മാസം<br>13.9.18<br>17.4.20 | പി. എ. സി തുക 1744202രൂപ<br>യുടെ ( 3%) 52326രൂപ |
| 2 | 105/19-20<br>കാർഷിക വിപണന കേന്ദ്രം വെള്ളായിക്കോട് പെരുമണ്ണ(സ്പിൽ ഓവർ)<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 530000<br>( വികസന ഫണ്ട് ബിൽ നം.935771/11.12.19,32631 /5.4.19 ആകെ ചെലവ് 1526410 | ശ്രീ. അനിൽ കുമാർ .കെ.എം<br>AEE/6/18 -19 / 30.1.19<br>എം. ബുക്ക് – 199,234,276/17-18, | 4മാസം<br>30.1.19<br>19.12.2019 | പി.എ.സി തുക 1527360 രൂപ യുടെ (3%) 45821 രൂപ |
| 3 | 119/19-20<br>ചാലിയാറക്കൽ താഴം ഗോശാലിക്കുന്ന് കോളനി | 499082<br>(വികസന ഫണ്ട് ബിൽ നം136551/24.1.20, | ശ്രീ. സൈനുദ്ദീൻ<br>AE/25/18 -19 / 31.12.18<br>എം. ബുക്ക് -299/17-18, | 4മാസം<br>31.12.18<br>30.9.19 | പി. എ. സി തുക 499340 രൂപയുടെ ( 3%) 14980രൂപ |

| | | | | | |
|---|---|---|---|---|---|
| | റോഡ്(സ്പിൽ ഓവർ) അസിസ്റ്റന്റ് എഞ്ചിനീയർ | | | | |
| 4 | 22/19-20 കളരിക്കണ്ടി കുടിവെള്ള പദ്ധതി(സ്പിൽ ഓവർ) അസിസ്റ്റന്റ് എഞ്ചിനീയർ | 381568 ( വികസന ഫണ്ട് എസ് സി പി ബിൽ നം.514920/19.3..20, ) ആകെ ചെലവ് 1220247 | ശ്രീ.മുഹമ്മദ് യൂസഫ് AE/29/18 -19 /21.1.19 എം. ബുക്ക് -281,209/17-18,45 /19-20 | 6മാസം 21.1.19 12.5.20 | പി. എ. സി തുക 1307121രൂപയുടെ ( 3%)39214രൂപ |
| ആകെ | | | | | 152341 |

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ. പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ച് നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്തപക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാർ അപേക്ഷ നൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.2.2012 തീയതിയിലെ ജി.ഒ (പി)13/2012/പി.ഡബ്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ എല്ലാ പ്രവൃത്തികളിലും ദീർഘീകരണം 50% ലും കൂടുതലാണ്. വളരെകാലം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിക്കുന്നത്. ഇങ്ങനെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല. ഇത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകാതിരിക്കുന്നതിനും സ്പിൽഓവർ ആകുന്നതിനും ഫണ്ട് നഷ്ടമാകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തീയതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണ ത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും, ദീർഘീകരണം ലഭ്യമാകാതെ പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയതിനും കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയതിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഇടാക്കാതെ കരാറുകാരന് അനുവദിച്ച 152341 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 വെള്ളായിക്കോട് കാർഷിക വിപണന കേന്ദ്രം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ - 105/2019-20. (സ്പിൽ ഓവർ)

ചെലവ് തുക - 530000 (വികസന ഫണ്ട് )

ബിൽ നമ്പർ - 32631/5.4.19,35771/11.12.19

കരാറുകാരൻ - ശ്രീ .അനിൽകുമാർ. കെ.എം

1526410 രൂപ ചെലവഴിച്ച് പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ വെള്ളായിക്കോട് കാർഷിക വിപണനകേന്ദ്രം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പദ്ധതി പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ വെള്ളായിക്കോട് കാർഷിക വിപണന കേന്ദ്രം നിർമ്മാണ പ്രവർത്തി 19.12.19 പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇതുവരെ കെട്ടിടത്തിൽ കാർഷിക വിപണന കേന്ദ്രം പ്രവർത്തനം തുടങ്ങിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുക്കാതെ പദ്ധതി നടപ്പിലാക്കി.

വെള്ളായിക്കോട് കാർഷിക വിപണന കേന്ദ്രനിർമ്മാണത്തിനായി പെരുമണ്ണ ഗ്രാമ പഞ്ചായത്തും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് പരിഗണിക്കുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച യാതൊരു പരാമർശവുമില്ല. കേരള പഞ്ചായത്ത് രാജ് നിയമം 172-ാംവകുപ്പ് 1-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേഡ് ഫോർവേഡ് ലിങ്കേജ് നൽകുകയുമാണ് വേണ്ടത് . ഇവിടെ ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികൾ പരിഗണിക്കാതെയാണ് പദ്ധതി നേരിട്ട് നടപ്പിലാക്കിയത് . എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പ്രവർത്തികളുടെ കാര്യത്തിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലത്ത് സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായവ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുണ്ട് ആയത് വിശദമാക്കിയിട്ടില്ല .

3) കാർഷിക വികസന ക്ഷേമ വകുപ്പ് ഡയറക്ടറുടെ 16.10.18ലെ ടി.വി(2)29124/18 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് കാർഷിക വകുപ്പിന്റെ ഉടമസ്ഥത യിലുള്ള പഴയ ഏലം ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റി കാർഷിക വിപണനകേന്ദ്രം നിർമ്മിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ട്. നിർമ്മിച്ച കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ജില്ലാപഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ള(1171/19) പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 1000000 രൂപ വകയിരുത്തിയിട്ടുണ്ട് ഐ.കെ.എം ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല. എന്നാൽ ചെക്ക് നമ്പർ 204790/5.6.20 പ്രകാരം 996410 രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ ഈ പദ്ധതി സ്പിൽ ഓവർ പദ്ധതിയായി നടപ്പിലാക്കിയിട്ടുമില്ല. പദ്ധതിക്കായി 1526410 രൂപ ചെലവഴിച്ചെങ്കിലും 530000 രൂപയുടെ ചെലവ് മാത്രമാണ് പദ്ധതി ചെലവായി ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്. അപാകത വിശദീകരിക്കേണ്ടതാണ്.

5)സംയുക്ത പദ്ധതിക്കായി ലഭിച്ച് ചെലവഴിക്കാത്ത തുക തിരിച്ച് അടവാക്കിയില്ല. മേൽ പദ്ധതിയിൽ 2018-19 വർഷത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 1000000 രൂപയിൽ ബാക്കി വന്ന 3590 രൂപ സർക്കാരിലേക്ക് തിരിച്ച് അടവാക്കിയിട്ടില്ല.

